**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1701** **12-09-2023 - ൽ മറുപടിയ്ക്ക്**

**വിപണിയിലെ പച്ചക്കറി ലഭ്യത ഉറപ്പാക്കുന്നതിനുള്ള സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | വിപണിയിൽ പച്ചക്കറി ലഭ്യത ഉറപ്പുവരുത്തുന്നതിനും വില നിയന്ത്രണം ഫലപ്രദമാക്കുന്നതിനും കാർഷിക മേഖലയിൽ ഇതിനോടകം നടപ്പാക്കിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ? | (എ) | പഴം - പച്ചക്കറികളുടെ സംഭരണ വിതരണ രംഗത്ത് ഉൽപ്പാദകരേയും ഉപഭോക്താക്കളേയും സംരക്ഷിക്കുക എന്ന ദൗത്യവുമായി പ്രവർത്തിക്കുന്ന ഹോർട്ടികോർപ്പിന് സംസ്ഥാനത്ത് 13 ജില്ലാ സംഭരണ കേന്ദ്രങ്ങളും, 6 ഉപസംഭരണ കേന്ദ്രങ്ങളും അവയുടെ കീഴിൽ 90 സ്വന്തം സ്റ്റാളുകളും 185 ലൈസൻസി സ്റ്റാളുകളും ഉണ്ട്. ഈ സ്റ്റാളുകൾ മുഖേന പൊതു വിപണിയേക്കാൾ 20-30% വിലക്കുറച്ച് പച്ചക്കറികൾ ഉപഭോക്താക്കൾക്ക് നൽകി വരുന്നു. സംസ്ഥാനത്ത് പച്ചക്കറികളുടെ വില ക്രമാതീതമായി ഉയരുന്ന അവസരങ്ങളിൽ വിപണിയിടപെടൽ നടത്തുകയും, ഓണം, വിഷു, ഈസ്റ്റർ, റംസാൻ മുതലായ ഉത്സവ കാലങ്ങളിൽ ഹോർട്ടികോർപ്പ് ഉപഭോക്താക്കൾക്ക് സബ്സിഡി നിരക്കിൽ പച്ചക്കറികൾ ലഭ്യമാക്കുകയും ചെയ്യുന്നു. ഇതിലേയ്ക്കായി കേരളത്തിലെ കർഷകർ, കർഷക സംഘങ്ങൾ , സംഘമൈത്രി, കാർഷിക മൊത്ത വ്യാപാര വിപണികൾ, വി.എഫ്.പി.സി.കെ യുടെ സ്വാശ്രയകർഷകവിപണികൾ, കൃഷി വകുപ്പിന്റെ ബ്ലോക്കുതല ഫാർമർ ക്ലസ്റ്ററുകൾ, മറ്റ് കർഷക കൂട്ടായ്മകൾ മുഖേന ഉൽപ്പാദിപ്പിക്കുന്ന സുരക്ഷിതവും നല്ല കൃഷി രീതികൾ (GAP) അനുവർത്തിച്ച് ഉൽപ്പാദിപ്പിക്കുന്നതുമായ പച്ചക്കറികൾ വിപണി വിലയേക്കാൾ അധിക വില നൽകി ഹോർട്ടികോർപ്പ് സംഭരിച്ചു വരുന്നു.<br><br>2022-23 സാമ്പത്തിക വർഷം ഹോർട്ടികോർപ്പ് കർഷകരിൽ നിന്നും 3489 ടൺ പച്ചക്കറികൾ സംഭരിച്ചു.<br><br>കേരളത്തിൽ ലഭ്യമല്ലാത്തതും ഉണഭോക്താക്കൾക്ക് അത്യന്താപേക്ഷികവുമായ പച്ചക്കറികൾ മറ്റ് സംസ്ഥാനങ്ങളിലെ കർഷക കൂട്ടായ്മകളിൽ നിന്നും, തമിഴ് നാട്ടിലെ പ്രമുഖ കാർഷിക മൊത്ത വ്യാപാര |

വിപണികളിൽ നിന്ന് ലേലം വഴിയും സംഭരിക്കുന്നുണ്ട്. ഇത്തരത്തിലുള്ള സംഭരണം കൂടുതൽ ശക്തമാക്കുന്നതിന്റെ ഭാഗമായി തമിഴ് നാട് കാർഷിക വിപണന വകുപ്പുമായി സഹകരിച്ച് തെങ്കാശി ജില്ലയിലെ ഫാർമേഴ്സ് പ്രോഡ്യൂസർ ഓർഗനൈസേഷൻ വഴി കർഷകരിൽ നിന്നും നേരിട്ട് പച്ചക്കറി സംഭരിക്കുന്നതിന് കരാർ ഒപ്പ് വച്ച് സംഭരണം നടത്തിവരുന്നു. ഇപ്രകാരം 2021 ഡിസംബർ മുതൽ നാളിതുവരെ 971.86 ടൺ പച്ചക്കറികൾ തെങ്കാശിയിൽ നിന്നും സംഭരിക്കുകയുണ്ടായി. പഴം - പച്ചക്കറികളും ഹോർട്ടി കോർപ്പുമായി സഹകരിക്കുന്ന പൊതു മേഖലാ സ്ഥാപനങ്ങളുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും പൊതു ജനങ്ങൾക്ക് മിതമായ വിലയ്ക്ക് ലഭ്യമാക്കുന്നതിനായി എല്ലാം നിയോജക മണ്ഡലങ്ങളിലും ഗ്രാമശ്രീ ഹോർട്ടിസ്റ്റാളുകളും, ഗ്രാമശ്രീ സൂപ്പർ സ്റ്റാളുകളും ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടിയും ഹോർട്ടികോർപ്പ് സ്വീകരിച്ചു വരുന്നു.

സംസ്ഥാനമെമ്പാടുമുള്ള VFPCK, സ്വാശ്രയകർഷക സമിതികൾ വഴി കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി നേരിട്ട് ലേലം വഴിയോ വില നിശ്ചയിച്ചോ വിറ്റഴിക്കാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം സംസ്ഥാന മെമ്പാടുമുള്ള 289 സമിതികൾ വഴി 291 കോടി രൂപ മൂല്യം വരുന്ന 85,690 മെട്രിക് ടൺ പഴം പച്ചക്കറികൾ വിറ്റഴിച്ചു.

പഴം പച്ചക്കറികൾക്ക് പൊതു വിപണിയിലുണ്ടാകുന്ന വില വർദ്ധനവ ജനങ്ങളെ നേരിട്ട് ബാധിക്കാതിരിക്കുന്നതിനായി ചില്ലറ വിൽപ്പനയ്ക്കായി 63തളിർ- ഗ്രീൻ ഔട്ട് ലെറ്റുകളും 47 സസ്യ ഔട്ട് ലെറ്റുകളും 2 തളിർ സൂപ്പർ മാർക്കറ്റുകളും VFPCK യുടെ കീഴിൽ പ്രവർത്തിച്ചു വരുന്നു.

നിലവിൽ കൃഷി വകുപ്പ് വിവിധ പദ്ധതികൾ പ്രകാരം സ്ഥാപിച്ചിട്ടുള്ള ഇക്കോഷോപ്പുകൾ എ ഗ്രേഡ് ക്ലസ്റ്ററുകൾ, ആഴ്ചചന്തകൾ , നഗര വഴിയോര ആഴ്ചചന്തകൾ, ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ക്ലസ്റ്ററുകൾ സംസ്ഥാനത്തെ 6 കാർഷിക മൊത്ത വ്യാപാര വിപണികൾ തുടങ്ങിയവ മുഖേന അതാത് ഗ്രാമപഞ്ചായത്ത്/ ബ്ലോക്ക് പ്രദേശങ്ങളിൽ കർഷകർ ഉൽപ്പാദിപ്പിക്കുന്ന പഴം-പച്ചക്കറികൾ കർഷകരിൽ നിന്ന് നേരിട്ട് സംഭരിക്കുന്നതിനും, ഉപ ഭോക്താക്കൾക്ക് വിപണനം നടത്തുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. ആയതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ വിവിധ മാർക്കറ്റുകൾ ഗ്രേഡ്

| | | | |
|---|---|---|---|
| | | | ചെയ്യുന്ന നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. 29 ഗ്രേഡ്I മാർക്കറ്റുകളും, 660 ഗ്രേഡ് II മാർക്കറ്റുകളും, 595 ഗ്രേഡ് III മാർക്കറ്റുകളും നിലവിൽ പ്രവർത്തനക്ഷമമാണ്.<br><br>2023 ഓണക്കാലത്ത് വിപണി ഇടപെടൽ പദ്ധതിയുടെ ഭാഗമായി കൃഷി വകുപ്പ്,ഹോർട്ടികോർപ്പും, വി.എഫ്.പി.സി.കെയുമായി സഹകരിച്ച 2000 ഓണവിപണികൾ സംഘടിപ്പിക്കുകയും ഓണവിപണിയ്ക്കായി കർഷകരിൽ നിന്ന് നേരിട്ട് സംഭരിച്ച പച്ചക്കറികൾ പൊതുവിപണിയിലെ വിലയെക്കാൾ 10% അധികം വില നൽകി സംഭരിച്ച് ഓണവിപണികളിലൂടെ പൊതുവിപണിയിലെ വിൽപ്പന വിലയെക്കാൾ 30% വരെ കുറഞ്ഞ വിലയ്ക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാക്കുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ